**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 534** **10-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിക്കാരുടെ സാമൂഹിക - സാമ്പത്തിക - സാംസ്കാരിക ക്ഷേമത്തിനായിട്ടുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ വിഹിതം ലഭ്യമല്ലാത്ത സ്ഥിതി നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമം തടയൽ പദ്ധതി (50%CSS) , PM -AJAY പദ്ധതി (100% CSS) എന്നിവയ്ക്ക് നിലവിൽ കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ അർഹരായ ഗുണഭോക്താക്കൾക്കുതന്നെയാണോ ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും എസ്.സി., എസ്.ടി പ്രൊമോട്ടർമാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുമായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും ഗുണഭോക്താക്കൾക്കിടയിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ നൽകി വരുന്ന സേവനങ്ങളെ സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധവത്കരിക്കുന്നതിന് വേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 2398 പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് വകുപ്പിൽ നിന്നും മതിയായ പരിശീലനം നൽകുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ഒന്നും നഗരസഭകളിൽ മൂന്നും കോർപ്പറേഷനുകളിൽ അഞ്ചും വീതം പ്രൊമോട്ടർമാരാണുള്ളത്. ഇവർക്ക് പ്രതിമാസം 10,000 രൂപ (പതിനായിരം രൂപ മാത്രം) ഓണറേറിയം അനുവദിക്കുന്നുണ്ട്. (ഉത്തരവുകൾ **അനുബന്ധം- 1** ആയി ചേർക്കുന്നു.)<br><br>പട്ടികവർഗ വിഭാഗങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന പദ്ധതികളും പ്രോജക്ടുകളും നല്ല രീതിയിൽ തന്നെ സംസ്ഥാനതലം മുതൽ ജില്ലാതലം വരെ നടപ്പിലാക്കി വരുന്നു. പ്രോജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച് വിലയിരുത്തുന്നതിനും അതോടൊപ്പം പോരായ്മകൾ പരിഹരിച്ച് അവ നല്ല രീതിയിൽ നടപ്പിലാക്കുന്നതിനും പദ്ധതി സ്ഥല സന്ദർശനം, ആഴ്ച / മാസങ്ങളിലുള്ള റിവ്യൂ മീറ്റിംഗുകൾ നടത്തികൊണ്ട് പദ്ധതികൾ നല്ല |

| | | | |
|---|---|---|---|
| | | | രീതിയിൽ പൂർത്തിയാക്കുന്നതിനുള്ള നല്ല ശ്രമങ്ങളാണ് വകുപ്പ് നടത്തികൊണ്ടിരിക്കുന്നത്. മിക്കവാറും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന എല്ലാ പദ്ധതികളിലും ഊരുകൂട്ടങ്ങളാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് . അതിനാൽ തന്നെ അനുയോജ്യരായതും അർഹതയുള്ളതുമായ ഗുണഭോക്താ ക്കളെയാണ് ഓരോ പദ്ധതിയിലും തിരഞ്ഞെടുക്കുന്നതെന്നതിനാൽ പട്ടികവർഗ വിഭാഗങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന ഫണ്ട് അവർക്ക് തന്നെ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട് .<br><br>പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 1182 എസ്.റ്റി പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർ മാരാണ് സേവനമനുഷ്ഠിച്ച് വരുന്നത്. വകുപ്പിന്റെ കീഴിൽ സേവനമനുഷ്ഠിച്ചു വരുന്ന മുഴുവൻ എസ് . റ്റി പ്രൊമോട്ടർമാരുമാരുടേയും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനം പ്രൊമോട്ടർമാർക്ക് നൽകിയിട്ടുണ്ട് . (ഉത്തരവുകൾ **അനുബന്ധം- 2** ആയി ചേർക്കുന്നു.) |
| (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ **അനുബന്ധം- 3** ആയി ചേർക്കുന്നു.<br><br>കേരള സംസ്ഥാന പട്ടികജാതി പട്ടകവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും 50,000/- രൂപ മുതൽ 25,00,000/- രൂപ വരെ പദ്ധതി തുകയുള്ള വിവിധ വായ്പാ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വിശദ വിവരം **അനുബന്ധം- 4** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

03 JUN 2023

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി വികസന വകുപ്പിലെ പുതിയ പട്ടികജാതി പ്രൊമോട്ടർമാരുടെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

സ.ഉ.(കൈ) നം.16/2023/SCSTD   തീയതി,തിരുവനന്തപുരം, 02-06-2023

---

പരാമർശം:- 1. 22.01.2022 ലെ സ.ഉ.(കൈ) നം.6/2022/പജപവവിവ

2. 20.05.2023 ലെ സ.ഉ.(കൈ) നം.12/2023/പജപവവിവ

<u>ഉത്തരവ്</u>

പട്ടികജാതി വികസന വകുപ്പിലെ പട്ടികജാതി പ്രൊമോട്ടർമാരുടെ നിയമനം സംബന്ധിച്ച പൊതു മാനദണ്ഡങ്ങൾ നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പൊതു മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തി പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) മേൽ പരാമർശിത ഉത്തരവുകൾക്ക് തുടർച്ചയായി, പട്ടികജാതി വികസന വകുപ്പിലെ പട്ടികജാതി പ്രൊമോട്ടർമാരുടെ നിയമനം സംബന്ധിച്ച നിലവിലെ പൊതു മാനദണ്ഡങ്ങളിൽ ചുവടെ ചേർക്കും പ്രകാരമുള്ള ഭേദഗതി കൂടി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പരാമർശം (1) ഉത്തരവിലെ '1.നിയമന യോഗ്യതകൾ' എന്നതിന് കീഴിലെ 'മാനദണ്ഡം.iii' "പ്രായപരിധി 18-40 വയസ്സ് വരെ" എന്നാക്കി ഭേദഗതി ചെയ്യുന്നു.

3) മേൽ ഭേദഗതിയോടെ പരാമർശം(1)-ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M SASIDHARAN
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ജി&എസ് സെക്ടർ ആഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ(വെബ്&ന്യൂ മീഡിയ), ഐ&പി.ആർ.ഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Binu.s
Date: 02-06-2023 18:47:35
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

20 MAY 2023

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിലെ പുതിയ പട്ടികജാതി പ്രൊമോട്ടർമാരുടെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(കൈ) നം.12/2023/SCSTD തീയതി,തിരുവനന്തപുരം, 20-05-2023

---

പരാമർശം:-
1. 20/08/2001 ലെ 12003/ബി3/2001/പജപവവിവ നമ്പർ കത്ത്.
2. 22/01/2022 ലെ സ.ഉ.(കൈ)നം.6/2022/പജപവവിവ.
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 05/05/2023 ലെ SCDD/2455/2023-A2(DEV A) നമ്പർ കത്ത്.

<u>ഉത്തരവ്</u>

പട്ടികജാതി വികസന വകുപ്പിലെ പട്ടികജാതി പ്രൊമോട്ടർമാരുടെ നിയമനം സംബന്ധിച്ച പൊതു മാനദണ്ഡങ്ങൾ നിശ്ചയിച്ച് പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ നിയമിക്കപ്പെട്ടിട്ടുള്ള പട്ടികജാതി പ്രൊമോട്ടർമാരുടെ കാലാവധി 2023 ജൂണിൽ പൂർത്തിയാകുന്ന സാഹചര്യത്തിൽ, പുതിയ പ്രൊമോട്ടർമാരെ തെരെഞ്ഞെടുക്കുന്നതിലേക്കായി നിലവിലുള്ള നിയമന യോഗ്യത, നിയമന രീതി, പരിശീലനം, സേവന കാലയളവ് എന്നിവ സംബന്ധിച്ച നിലവിലെ വ്യവസ്ഥകളിൽ ചില ഭേദഗതി നിർദേശങ്ങൾ പരാമർശം(3) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പട്ടികജാതി വികസന വകുപ്പിലെ പട്ടികജാതി പ്രൊമോട്ടർമാരുടെ നിയമനം സംബന്ധിച്ച നിലവിലെ പൊതു മാനദണ്ഡങ്ങളിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പരാമർശം(2) ഉത്തരവിലെ '2.നിയമന രീതി' എന്നതിന് കീഴിലെ 'മാനദണ്ഡം iii, iv, v' എന്നീ മാനദണ്ഡങ്ങൾക്ക് പകരമായി '2.നിയമന രീതി' എന്നതിന് കീഴിലെ 'iii' എന്ന മാനദണ്ഡമായി "യോഗ്യരായ പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കേണ്ടത് ജില്ലാ തലത്തിൽ അപേക്ഷ ക്ഷണിച്ച് ജില്ലാ പട്ടികജാതി വികസന ഓഫീസർ, അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ, ഒരു വിഷയ വിദഗ്ദൻ/ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ എന്നിവർ അടങ്ങുന്ന സമിതി അഭിമുഖം നടത്തി, അഭിമുഖത്തിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തിരിച്ച് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആയതിലെ സീനിയോറിറ്റി അടിസ്ഥാനത്തിലായിരിക്കണം" എന്ന് ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നു

ii. പരാമർശം(2) ഉത്തരവിലെ '3.പരിശീലനം' എന്നതിന് കീഴിലെ 'മാനദണ്ഡം i'

"തെരഞ്ഞെടുക്കപ്പെടുന്ന പ്രൊമോട്ടർമാർക്ക് മൂന്ന് ദിവസത്തെ നിർബന്ധിത പരിശീലനം(കില/കിർത്താഡ്സ്/വകുപ്പുതല പരിശീലനം) നൽകേണ്ടതാണ്" എന്നാക്കി ഭേദഗതി ചെയ്യുന്നു.

iii. പരാമർശം(2) ഉത്തരവിലെ പൊതു മാനദണ്ഡം.7 "പ്രൊമോട്ടർമാരുടെ പ്രവർത്തനം സംബന്ധിച്ച് പട്ടികജാതി വികസന ഓഫീസർമാർ പ്രതിവാരവും, ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ മൂന്ന് മാസത്തിലൊരിക്കലും അവലോകന യോഗം നടത്തി പദ്ധതി നിർവഹണം സംബന്ധിച്ച ആവശ്യമായ നിർദേശം നൽകേണ്ടതും പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തുന്ന പ്രൊമോട്ടർമാരെ കണ്ടെത്തി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശം ജില്ലാ ഓഫീസർമാർ നൽകേണ്ടതുമാണ്" എന്നാക്കി ഭേദഗതി ചെയ്യുന്നു.

3) പട്ടികജാതി പ്രൊമോട്ടർമാരുടെ നിലവിലെ സേവന കാലയളവ് ഒരു വർഷമാണ്. നിയമിക്കപ്പെടുന്ന പ്രൊമോട്ടർമാരുടെ ഒരു വർഷത്തെ സേവനം തൃപ്തികരമാണെങ്കിൽ, ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറുടെ അത് സംബന്ധിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് കൂടി സേവന കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതാണ്.

4) മേൽ ഭേദഗതികളോടെ പരാമർശം(2) ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ് സെക്ടർ ഓഡിറ്റ്), കേരള , തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ(വെബ്&ന്യൂ മീഡിയ), ഐ&പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Binu.s
Date: 20-05-2023 11:11:39
സെക്ഷൻ ഓഫീസർ

അനുബന്ധം -2

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്- പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ നിയമിക്കുന്നതിന് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.58/2021/പ.ജ.പ.വ.വി.വ തീയതി,തിരുവനന്തപുരം, 29/12/2021

പരാമർശം:-
1. സ.ഉ.(കൈ)നം.95/16/പജപവവിവ തീയതി 19/11/2016
2. 02/09/2021-ലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ എഫ്2-11414/21 നമ്പർ കത്ത്

**ഉത്തരവ്**

പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവ നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനും സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ചികിത്സ ഉറപ്പുവരുത്തുന്നതിനുമായി സേവനസന്നദ്ധതയുള്ള പട്ടികവർഗ്ഗ യുവതീയുവാക്കളെ തെരഞ്ഞെടുത്ത് പട്ടികവർഗ്ഗ പ്രൊമോട്ടർമാരായി ഒരു വർഷക്കാലത്തേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുകയും തുടർന്ന് അർഹതയുള്ളവരുടെ സേവനകാലാവധി ദീർഘിപ്പിച്ച് നൽകി വരികയുമാണുണ്ടായിരുന്നത്. എന്നാൽ 2017-ൽ നിയമനം ലഭിച്ച പ്രൊമോട്ടർമാരിൽ പലരും ഉയർന്ന പ്രായം ഉള്ളവരാണെന്നും, പുതിയ കാലഘട്ടം ആവശ്യപ്പെടുന്നതനുസരിച്ചുള്ള പദ്ധതികൾ ആണ് വകുപ്പ് ഇപ്പോൾ നടപ്പിലാക്കി വരുന്നതെന്നും, കൂടാതെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുമുണ്ടെന്നും, എന്നാൽ നിലവിൽ ജോലി ചെയ്തു വരുന്ന പ്രൊമോട്ടർമാരിൽ പലർക്കും ഈ പ്രവർത്തനങ്ങൾ വേണ്ട വിധം കൈകാര്യം ചെയ്യുന്നതിന് കഴിയാതെ വരുന്നുണ്ടെന്നും, മേൽ സാഹചര്യത്തിൽ കഴിഞ്ഞ 4 വർഷമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സേവനമനുഷ്ഠിച്ചു വരുന്ന 1182 എസ്.ടി പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരെ പിരിച്ചു വിടുന്നതിനും പുതുതായി എസ്.ടി/ഹെൽത്ത് പ്രൊമോട്ടർമാരെ നിയമിക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ നിലവിലുള്ള പ്രൊമോട്ടർമാരെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പിരിച്ചു വിടുന്നതിനും തൽസ്ഥാനത്ത്, താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യോഗ്യരായ യുവതീയുവാക്കളെ അടുത്ത ഒരു വർഷത്തേക്ക് പട്ടികവർഗ്ഗ പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരായി നിയമിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. എസ്.ടി പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർ നിയമനത്തിനുള്ള പ്രായപരിധി 20-35 വയസ്സായിരിക്കേണ്ടതാണ്.

2. അപേക്ഷകരുടെ മിനിമം വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി പാസ് ആയിരിക്കണം. പി.വി.ടി.ജി, അടിയ/ പണിയ, മലമ്പണ്ടാര എന്ന വിഭാഗത്തിൽപ്പെട്ടവരിൽ 8-ാ‍ാം ക്ലാസ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

3. പട്ടികവർഗ്ഗക്കാരോട് സാമൂഹിക പ്രതിബദ്ധത ഉള്ളവരും സാമുദായിക സാമൂഹ്യമേഖലകളിൽ മികച്ച പ്രവർത്തന പരിചയം ഉണ്ടായിരിക്കേണ്ടതുമാണ്.

4. ടി നിയമനം തികച്ചും താത്കാലികവും നിയമനം നേടുന്ന മുറയ്ക്ക് ഒരു വർഷക്കാലത്തേയ്ക്ക് മാത്രമായിരിക്കുന്നതാണ്.

5. എഴുത്തു പരീക്ഷ എൽ.ബി.എസ് പോലുള്ള സ്ഥാപനങ്ങൾ മുഖേന നടത്തേണ്ടതും അഭിമുഖം വകുപ്പ് തലത്തിലും നടത്താവുന്നതാണ്.

6. നിയമനം നടത്തുമ്പോൾ അതാത് സെറ്റിൽമെന്റിൽ നിന്നുള്ളവർക്ക് മുൻഗണന നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ജെ ജോസഫ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
3. കരുതൽ ഫയൽ/ഓഫീസ് കോപ്പി/ഐ&പി.ആർ.ഡി വകുപ്പ്

ഉത്തരവിൻ പ്രകാരം
Signed by Manoj P
Date: 29-12-2021 17:55:35
Reason: Approved

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്- പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ /ഹെൽത്ത് പ്രൊമോട്ടർമാരെ നിയമിക്കുന്നതിന് പുതുക്കിയ മാർഗ്ഗ നിർദേശങ്ങൾ അംഗീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.11/2023/SCSTD തീയതി,തിരുവനന്തപുരം, 16-05-2023

---

പരാമർശം:- 1. സ.ഉ(കൈ)നം.58/2021/പജപവവിവ തീയതി 29/12/2021

2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 06/05/2023 തീയതിയിലെ ഇ3.304/2022/നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി നിയമിതരായ എസ്.ടി പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാർ എന്നിവരുടെ സേവനകാലാവധി 2023 മെയ് മാസത്തിൽ അവസാനിക്കുന്നതിനാൽ നിലവിൽ സേവനത്തിലുള്ള എസ്.ടി പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരെ അവരുടെ സേവന കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുകയോ, അതല്ലെങ്കിൽ പുതിയ എസ്.ടി പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരെ ഇന്റർവ്യൂ മുഖേന തെരഞ്ഞെടുക്കാവുന്നതാണെന്നും, തെരഞ്ഞെടുക്കപ്പെടുന്നവരുടെ സേവന കാലാവധി 2 വർഷമായി നിജപ്പെടുത്താവുന്നതുമാണെന്നും, ടി നടപടി ക്രമങ്ങൾ പൂർത്തിയാകുന്നതുവരെ നിലവിലുള്ള എസ്.ടി പ്രൊമോട്ടർമാരെ തുടരാൻ അനുവദിക്കാവുന്നതുമാണെന്നും പരാമർശം (2) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. പ്രൊമോട്ടർമാരുടെ സേവനം വകുപ്പിന് അത്യന്താപേക്ഷിതമാണെന്നും ആയത് ലഭ്യമാകാത്ത സാഹചര്യം സംജാതമായാൽ വകുപ്പിന്റെ ക്ഷേമ പ്രവർത്തനങ്ങളെ ബാധിക്കുമെന്നതു കണക്കിലെടുത്ത് ഇക്കാര്യത്തിലുള്ള സർക്കാർ തീരുമാനത്തിനു വിധേയമായി നിലവിൽ കാലാവധി പൂർത്തിയാകുന്നവർക്ക് ഒരു മാസത്തേക്കു കൂടി കാലാവധി ദീർഘിപ്പിച്ച് നൽകുവാൻ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കു നിർദേശം നൽകിയിട്ടുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ

സേവനത്തിലുള്ള പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനകാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർമാരെ ഇന്റർവ്യൂ മുഖേന തെരഞ്ഞെടുപ്പ് നടത്തി നിയമിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. ഇപ്രകാരം തെരഞ്ഞെടുക്കുന്നവരുടെ സേവന കാലാവധി രണ്ട് വർഷമായിരിക്കും. പുതിയ പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ നിയമന നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ നിലവിലുള്ള പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർമാരെ തുടരാൻ അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MINIMOL V G**

അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
3. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Abhilash Kumar V S
Date: 16-05-2023 15:28:46

സെക്ഷൻ ഓഫീസർ

**അനുബന്ധം 3**

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ.**

**സ്വയം തൊഴിൽ പദ്ധതി**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 (പരമാവധി 1 ലക്ഷം രൂപ ) സബ്സിഡിയായി ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു.

**സ്റ്റാർട്ടപ്പ് ഡ്രീംസ്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ് സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable – Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല ഇക്കാര്യത്തിൽ പരിചയ സമ്പത്തുള്ളതും, സംരംഭകത്വ ആവാസവ്യവസ്ഥ സ്ഥാപിക്കുന്നതിനുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷനാണ്. പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ 5,000 ച.അടി സ്ഥലം 133.10 ലക്ഷം രൂപ വിനിയോഗിച്ച് ആവശ്യമായ സൗകര്യങ്ങളോടെ ഇൻകുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു . നാമ മാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽ ഈടാക്കുന്നത്. സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനമുൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനും മികച്ച രീതിയിൽ അവ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശം വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽ പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരളം സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് ആപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ട് അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും, പ്ലഗ് ആൻഡ് പ്ലേയ് വർക്ക് സ്റ്റേഷനും, കോൺഫറൻസ് റൂം, മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. പ്രീ ഇൻകുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവുവരെയും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് പരിശീലനം നൽകി വരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന മുറയ് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതുമാണ്. കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ

സംസ്ഥാന സർക്കാർ നൽകി വരുന്ന യുവ സംരംഭകത്വ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയുടെ ഭാഗമാകുന്നവർക്കും ലഭ്യമാണ്. പർച്ചേസ് / വർക്ക ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട് വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട് . ഈ ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിലെ വനിതാ സംരംഭകർക്കും ലഭ്യമാണ്.

**നൈപുണ്യ വികസന പരിശീലനങ്ങൾ**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് വകുപ്പ് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട് . വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഈ പദ്ധതികൾ പ്രകാരം ഉറപ്പാക്കുന്നുണ്ട്. കൂടാതെ ഇത്തരം നൈപുണ്യ വികസന പരിശീലനങ്ങളിലൂടെ പരിശീലനം നേടുന്ന പരിശീലകർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിന് ഇത് സഹായകരമാകുന്നതാണ് .

**സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് –ധനസഹായം നൽകുന്ന പദ്ധതി**

പത്തോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയസംഘങ്ങൾക്കും 80 ശതമാനമോ അതിനുമുകളിലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രൊജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 75%തുക (പരമാവധി 10 ലക്ഷം രൂപ) സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഈ പദ്ധതി പ്രകാരം അനുവദിച്ച നൽകുന്നു.

## അനുബന്ധം.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതിയിൽപ്പെട്ട തൊഴിൽ രഹിതർക്കായി നടപ്പാക്കുന്ന വിവിധ സ്വയംതൊഴിൽ പദ്ധതികൾ.

1. **ബെനഫിഷ്യറി ഓറിയന്റഡ് പദ്ധതി**

സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് ചെറിയ ഇടത്തരം സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനു വേണ്ടി വായ്പ നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൻ കീഴിൽ 3,00,000/- രൂപ വരെ അനുവദിക്കുന്നതാണ്. പലിശ നിരക്ക് 7% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

2. **പ്രൊഫഷണൽ സർവ്വീസ് പദ്ധതി.**

നിശ്ചിത പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയും വൈദഗ്ദ്ധ്യവുമുള്ള (ഡോക്ടർ, എഞ്ചിനീയർ, ചാർട്ടേർഡ് അക്കൗണ്ടന്റ്, ഫാർമസിസ്റ്റ് തുടങ്ങിയ) പട്ടികജാതിയിൽപ്പെട്ട യുവതീ യുവാക്കൾക്ക് സ്വന്തമായി പ്രാക്ടീസ് ചെയ്യുന്നതിനോ സ്വയം തൊഴിൽ ചെയ്യുന്നതിനോ കോർപ്പറേഷൻ പരമാവധി 5.00 ലക്ഷം രൂപ വരെ വായ്പ നൽകുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 8% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

3. **വാഹന വായ്പാ പദ്ധതി.**

ഡ്രൈവിംഗ് ലൈസൻസും ബാഡ്ജുമുള്ള (ആവശ്യമെങ്കിൽ) പട്ടികവിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ ഉപാധി എന്ന നിലയിൽ വാഹനം (Commercial Vehicle) വാങ്ങുന്നതിന് വായ്പ നൽകുന്ന പദ്ധതിയാണിത്. പരമാവധി പദ്ധതി തുക 10,00,000/- രൂപയാണ്. വായ്പയുടെ പരമാവധി പലിശ നിരക്ക് 8% ഉം തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

4. **മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ**

പട്ടികവിഭാഗത്തിൽപ്പെട്ട മികച്ച സംരംഭകർക്ക് ചെറുകിട അഥവാ ഇടത്തരം വ്യവസായ വാണിജ്യ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ വായ്പാ സഹായം നൽകുന്നതിനായി ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണ് ***"മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ"***. നിർദ്ദിഷ്ട മേഖലയിൽ തൊഴിൽ പരിചയവും സാങ്കേതിക പരിജ്ഞാനവുമുള്ള ഊർജ്ജസ്വലരായ സംരംഭകരെ വിജയ സാധ്യതയുള്ള സംരംഭങ്ങളിൽ മുതൽ മുടക്കാൻ പ്രാപ്തരാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയിൻ കീഴിൽ

നൽകുന്ന പരമാവധി വായ്പ 25.00 ലക്ഷം രൂപയാണ്. ഇതിൽ 4% ഗുണഭോക്തൃ വിഹിതമാണ്. വായ്പയുടെ പരമാവധി പലിശ നിരക്ക് 9% ആണ്. വായ്പ 5 വർഷം കൊണ്ട് തിരിച്ചടക്കേണ്ടതാണ്.

5. <u>വിദേശ തൊഴിൽ വായ്പാ പദ്ധതി</u>

നിയമാനുസരണം പാസ്പോർട്ട്, വർക്ക് എഗ്രിമെന്റ്, വിസ എന്നിവ നേടിയവരും വിദേശത്ത് തൊഴിൽ ചെയ്യാൻ ഉദ്ദേശിക്കുന്നവരുമായ പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ തൊഴിൽ സംബന്ധമായി ധനസഹായം നൽകാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയാണിത്. പരമാവധി 50,000/- രൂപ വരെയാണ് വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്.

6. <u>വിദേശ തൊഴിൽ വായ്പാ പദ്ധതി (പുതിയത്)</u>

നിയമാനുസരണം പാസ്പോർട്ട്, വർക്ക് എഗ്രിമെന്റ്, വിസ എന്നിവ നേടിയവരും വിദേശത്ത് തൊഴിൽ ചെയ്യാൻ ഉദ്ദേശിക്കുന്നവരുമായ പട്ടികജാതിയിൽപ്പെട്ടവർക്ക് വിദേശ തൊഴിൽ സംബന്ധമായി ധനസഹായം നൽകാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പുതിയ പദ്ധതിയാണിത്. പരമാവധി 2 ലക്ഷം രൂപ വരെയാണ് വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്.

7. <u>"പ്രവാസി പുനഃരധിവാസ വായ്പാ പദ്ധതി"</u> :-വിദേശത്തു നിന്നും തൊഴിൽ നഷ്ടപ്പെട്ട്/ ഉപേക്ഷിച്ച് തിരികെയെത്തുന്നവരെ പുനഃരധിവസിപ്പിക്കുന്നതിനാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. പരമാവധി 20 ലക്ഷം രൂപയാണ് വായ്പയായി നൽകുന്നത്. അതിൽ പരമാവധി 15% വരെ ക്യാപ്പിറ്റൽ സബ്സിഡിയായി ***"നോർക്ക റൂട്ട്സ്"*** അനുവദിക്കുന്നതാണ് . വായ്പയുടെ പരമാവധി പലിശ നിരക്ക് 8% ആണ്. തിരിച്ചടവ് കാലാവധി 5 വർഷമാണ്.

8. <u>സ്റ്റാർട്ട് അപ് സംരംഭകർക്കുള്ള വായ്പാ പദ്ധതി</u>

*"സ്റ്റാർട്ട് അപ് സംരംഭകർക്കുള്ള വായ്പാ പദ്ധതി"* എന്ന ഈ പദ്ധതിയിൻ കീഴിൽ സാങ്കേതിക വിദ്യയിലും പുതിയ ബിസിനസ് ആശയങ്ങളിലും അധിഷ്ഠിതമായ യുവസംരംഭകരുടെ നൂതന സംരംഭങ്ങൾക്കാണ് പ്രാമുഖ്യം നൽകുന്നത്. പരമാവധി പദ്ധതി തുക 25.00 ലക്ഷം രൂപയാണ്. വായ്പയുടെ പലിശ നിരക്ക് 7% വും തിരിച്ചടവ് കാലാവധി 5 മുതൽ 7 വർഷം വരെയുമാണ്.

9. <u>പെട്രോളിയം ഡീലർമാർക്കുള്ള വായ്പ</u> :-

പട്ടികജാതിയിൽപ്പെട്ട അംഗീകൃത പെട്രോളിയം ഡീലർമാർക്ക് പ്രവർത്തന മൂലധന വായ്പയായി പരമാവധി 10.00 ലക്ഷം രൂപ വരെയാണ് ഈ പദ്ധതിയിൽ നൽകുന്നത്.വായ്പയുടെ പലിശ നിരക്ക് 4% ഉം തിരിച്ചടവ് കാലാവധി 8 വർഷവുമാണ്.

10. <u>മൈക്രോ ക്രെഡിറ്റ് ഫൈനാൻസ് പദ്ധതി</u>

പട്ടികജാതിയിൽപ്പെട്ടവരും സാമ്പത്തികമായി ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളവരുമായ ലഘു സംരംഭകർക്ക് ഏറ്റവും ചുരുങ്ങിയ മുതൽ മുടക്ക് ആവശ്യമുള്ള മേഖലകളിൽ സ്വന്തമായോ കൂട്ടായോ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണിത്. പരമ്പരാഗത തൊഴിൽ മേഖലകൾക്ക് പ്രാമുഖ്യം നൽകുന്നതാണ്. പരമാവധി 60,000/- രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 5% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്.

11. <u>മഹിളാ സമൃദ്ധി യോജന</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് ആവിഷ്ക്കരിച്ചിട്ടുള്ള ഈ പദ്ധതിയിൻ കീഴിൽ പരമാവധി 60,000/- രൂപ വായ്പ നൽകാവുന്നതാണ്. സ്ത്രീ സംരംഭകർക്ക് അനുയോജ്യമായതും എന്നാൽ കുറഞ്ഞ മുതൽ മുടക്ക് മാത്രം വേണ്ടി വരുന്നതുമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ട് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനും അതുവഴി അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതിയുടെ പലിശ നിരക്ക് 4% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്.

12. <u>ലഘു വ്യവസായ യോജന</u>

പട്ടികജാതിയിൽപ്പെട്ട സംരംഭകർക്ക് അവരുടെ അഭിരുചിക്കും തൊഴിൽപരമായ വൈദഗ്ദ്ധ്യത്തിനുമനുസരിച്ച് ബിസിനസ് സംരംഭങ്ങൾ ആരംഭിക്കാൻ വായ്പ നൽകുന്ന പദ്ധതിയാണിത്. ഇതിൻപ്രകാരം വ്യക്തിഗത സംരംഭകർക്ക് അവർക്ക് ആവശ്യമായ മേഖലകളിൽ മുതൽ മുടക്കാൻ പദ്ധതിയുടെ വിജയ സാധ്യത അനുസരിച്ച് വായ്പ നൽകുന്നതായിരിക്കും. പരമാവധി പദ്ധതി തുക 4.00 ലക്ഷം രൂപയാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

13. <u>വനിതാ ശാക്തീകരണ പദ്ധതി (പട്ടികജാതി ഗ്രൂപ്പ്) :-</u>

കോർപ്പറേഷൻ സംസ്ഥാന കുടുംബശ്രീ മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വനിതകളുടെ ഗ്രൂപ്പുകൾക്ക് (അയൽ കൂട്ടങ്ങൾക്ക്) ജാമ്യമില്ലാതെ വായ്പ നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതിയാണിത്. 10 പേർ ഉൾപ്പെട്ട ഒരു സംഘത്തിന് നൽകുന്ന പരമാവധി തുക 5 ലക്ഷം രൂപയാണ്. പലിശ നിരക്ക് 5% ഉം തിരിച്ചടവ് കാലയളവ് 3 വർഷവുമാണ്.